# വർണ്ണങ്ങൾ

little KITEs

# ആശംസകൾ

*2019-20 അധ്യയന വർഷത്തെ ലിറ്റിൽകൈറ്റ്സ് വിദ്യാർഥികൾ തയ്യാറാക്കിയ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.*

*ഹെഡ്മിസ്ട്രസ്*

***ഷീല എം. എൻ***

***ഗവ. ഹയർസെക്കന്ററി സ്കൂൾ പെരിക്കല്ലൂർ***

# യാഥാർഥ്യം

*ഇന്നലെകളിൽ*
*അപരിചിതത്വത്തിന്റെ*
*നിഷ്ക്രിയത്വത്തിൽ*
*വരൾച്ച ബാധിച്ച മുഖങ്ങൾ*
*കൂട്ടിമുട്ടുമ്പോൾ തെന്നി അകലുന്ന മിഴികൾ....*

*ഇന്ന്*

*വിധിയുടെ വിഹായസ്സിൽ*

*ചിറകുകൾ ചേർത്ത്*

*മനസ്സുകൾ കോർത്ത്*

*തിരിച്ചറിയുന്നു*

*സ്നേഹത്തിൻറെ തൂവൽസ്പർശം*

*നാളെ*

*ഒരിക്കലും കരയാറില്ലാത്ത...*

*ദേശാടനകിളികളെ പോൽ*

*നീയും അകലേക്കു മറയുമ്പോൾ*

*എൻറെ ആകാശത്തിൽ*

*വീണ്ടും ഒരു മഴവില്ല് കൂടി....*

*ഓർമ്മ പുസ്തകത്തിൽ*

*വീണ്ടും ഒരു താളുകൂടി....*

***by***

***Rasiya [teacher]***

# കമല സുരയ്യ

കമല സുരയ്യ ഒരു ഇംഗ്ലീഷ് മലയാളം സാഹിത്യകാരി ആയിരുന്നു കമലാസുരയ്യ ജനിച്ചത് 1934 മാർച്ച് 31 ന് പുന്നയൂർകുളം എന്ന സ്ഥലത്താണ് കമല സുരയ്യ മലയാളത്തിലെ പ്രശസ്തമായ നിരവധി സാഹിത്യസൃഷ്ടികൾ കവിത ചെറുകഥ ജീവചരിത്രം എന്നിങ്ങനെ പ്രസിദ്ധീകരിച്ചിട്ടുണ്ട് കമലാസുരയ്യയുടെ മാതാപിതാക്കൾ എൻ ബാലാമണി, എം വി നായർ എന്നിവരാണ് 1999 ഇസ്ലാം മതം സ്വീകരിക്കുന്നതിനു മുൻപ് മലയാള രചനകളിൽ മാധവിക്കുട്ടി എന്ന പേരിലും ഇംഗ്ലീഷ് രചനകളിൽ കമല ദാസ് എന്ന പേരിലുമാണ് അവർ രചനകൾ നടത്തിയിരുന്നത് ഇസ്ലാം മതം സ്വീകരിച്ചതിനു ശേഷം സുരയ്യ എന്ന നാമം സ്വീകരിച്ചു ഈ മതം മാറ്റം വിവാദങ്ങൾക്കും വഴിയൊരുക്കി ഇംഗ്ലീഷിൽ കവിത എഴുതുന്ന ഇന്ത്യക്കാരിൽ പ്രമുഖയായിരുന്നു അവർ പക്ഷേ കേരളത്തിൽ മാധവിക്കുട്ടി എന്ന തൂലികാ നാമത്തിൽ എഴുതിയ ചെറുകഥകളിലൂടെയും ജീവിത ചരിത്രത്തിലൂടെയുമാണ് അവർ പ്രശസ്തിയാർജിച്ചത് 1984 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് നാമനിർദേശം ചെയ്യപ്പെട്ടു അനാഥമായ അമ്മമാരെയും സ്ത്രീകളെയും സംരക്ഷിക്കുവാൻ മനുഷ്യത്വ പ്രവർത്തനങ്ങൾക്കുമായി ലോക സേവ ചാരിറ്റബിൾ ട്രസ്റ്റ് എന്ന സീരിയൽ തരാ സംഘടന ആരംഭിച്ചു നാലപ്പാട്ട് തറവാട് കേരളസാഹിത്യ അക്കാദമിക്കായി മാധവിക്കുട്ടി ഇഷ്ടദാനം കൊടുത്തു സ്ത്രീകളുടെ ലൈംഗിക അവകാശങ്ങളെയും അഭിലാഷങ്ങളെയും കുറിച്ച് സത്യസന്ധതയോടെയും ധൈര്യത്തോടെയും എഴുതാൻ തുനിഞ്ഞ ഭാരതത്തിലെ ആദ്യത്തെ എഴുത്തുകാരി എന്ന എന്ന പദവി മാധവിക്കുട്ടിക്ക് ആണെന്ന് പല എഴുത്തുകാരും കരുതുന്നു കമലസുരയ്യ മെയ് 31 2009 ന് മരണപ്പെട്ടു

# സ്ത്രീ എന്ന ഐശ്വര്യം

കണ്ണീർ തുള്ളിയെ സ്ത്രീയോടുപമിച്ച
കാവ്യഭാവനേ നിനക്കഭിനന്ദനം
നിനക്ക് അഭിനന്ദനം അഭിനന്ദനം
പുലരിയിൽ നീ വരും വേളയിൽ
എൻ കവിത നിൻ ഹൃത്തിൽ
തുളുമ്പിടുന്നു നീ വരും വേളയിൽ
പൂവായ നീ നിന്റെ മധുരമെൻ
ചുണ്ടിൽ പൊഴിഞ്ഞുവെങ്കിൽ
മഞ്ഞായി നീ പെയ്യുന്ന യാമത്തിൽ
ഞാനാകെ കുളിരണിയും പോലെയായി.
വിളക്കായി നിന്നു തൃസന്ധ്യ
നേരത്ത് വീടിന്നൈശ്വര്യം എൻ രൂപവതി
കനലായ് നീ നിന്നെരിഞ്ഞൊരാ
നാളിലെൻ അറകൾ നാലറകൾ
നിനക്കായി തുറന്നു നിറ പാൽക്കുടം
ചുമന്നെത്തുമീ വേളയിൽ ചാരുഹൃദ-
യാഭിലാഷമായി ഞാൻ കരുതിവയ്ക്കാം
എന്നെന്നും നീ എന്റെ മനസ്സിൽ
തെളിയുമ്പോൾ എനിക്കഭിനന്ദനം
എന്റെ മനസ്സിൽ തെളിയുന്ന ദീപമായി നീ
എന്നും അണയാതെ ഞാനിനി കാത്തുവെക്കാം
കണ്ണുനീർത്തുള്ളിയെ സ്ത്രീയോടുപമിച്ച
കാവ്യഭാവനേ നിനക്കഭിനന്ദനം
നിനക്കഭിനന്ദനം അഭിനന്ദനം

**by**

പ്രജിത്ത്.എ.പ്രമോദ്

# ക്കുട്ടുകാർ

അറിവിൻ്റെ  ശോഭയോടൊപ്പം നടന്നവർ
അറിവിൻ്റെ കാവലായി കൂടെ കൊതിച്ചവർ
അറിയാതെ മറയാതെ ഓടിയൊളിച്ചവർ
അറിവിനായി  പാറുന്ന പൂമ്പാറ്റകൾ
ഇനിയും മരിക്കാത്ത ഓർമ്മകൾ തൻ
കൂട്ടിലെ  പക്ഷിയായി പാറിടുന്നു
നന്മതൻ കൂട്ടിലും സത്യമാം പാട്ടിലും
ഓടി  കുതിച്ചു മറഞ്ഞു മഞ്ഞായി
കാടിൻ്റെ പാട്ടിൽ കരളിൻ്റെ കൂട്ടിൽ
കാറ്റായി  പറവയായി  മാഞ്ഞിടുന്നു  ആകാശനീലിമ  കൺപൂട്ടി നിന്നവർ
കൂട്ടുകാരല്ലേ എനിക്ക് ആശ്രയിക്കാർ

by

vysakh

# ഐസക് ന്യൂട്ടൻ

പ്രഗൽഭനായ ഇംഗ്ലീഷ് ഭൗതിക ശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും ജ്യോതിശാസ്ത്രജ്ഞനും തത്വചിന്തകനും ആൽക്കമിസ്റ്റ് ആയിരുന്നു സർ ഐസക് ന്യൂട്ടൻ. ന്യൂട്ടൻ 1687 പുറത്തിറക്കിയ ഭൂഗുരുത്വാകർഷണം, ചലന നിയമങ്ങൾ എന്നിവയെ വിശദീകരിക്കുന്ന പ്രിൻസിപ്പിയ എന്ന ഗ്രന്ഥം ബലതന്ത്രത്തി നേറെ അടിസ്ഥാന ശിലയായി കണക്കാക്കുന്നു തുടർന്നുള്ള മൂന്നു നൂറ്റാണ്ടുകളിൽ ഭൗതിക പ്രപഞ്ചത്തിന് ഏറെ ശാസ്ത്രീയ വീക്ഷണം ഈ ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ഭൗമോപരിതലത്തിൽ ഉള്ള വസ്തുക്കളുടെയും ആകാശ ഗോളങ്ങളുടെ ചലനം ഒരേ പ്രകൃതിനിയമങ്ങൾ അനുസരിച്ച് ആണെന്ന് അദ്ദേഹം തെളിയിച്ച പ്രകാശത്തിന് ഏറെ കാണികസ്വഭാവം വ്യക്തമാക്കുന്ന കണികാസിദ്ധാന്തവും അദ്ദേഹത്തിൻറെ സംഭാവനയാണ് ഗണിതത്തിൽ കലനസമ്പ്രദായങ്ങളുടെ വളർച്ചയ്ക്ക് അദ്ദേഹം നിസ്തുലമായ സംഭാവനകൾ നൽകി 2005 ലെ സൊസൈറ്റി നടത്തിയ അഭിപ്രായ സർവേയിൽ നൂറ്റാണ്ടിലെ ഏറ്റവും സ്വാധീനശക്തിയുള്ള ശാസ്ത്ര പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടത് ഐസക് ന്യൂട്ടൻ ആണ് ലോകചരിത്രത്തെ ഏറ്റവും സ്വാധീനിച്ച വ്യക്തികളുടെ ഹ്രസ്വചരിത്രമാണ് ദി ഹൺഡ്രഡ്സ് എന്നപേരിൽ മൈക്കിൾ ഹാർട്ട് 1978 ൽ പ്രസിദ്ധീകരിച്ച പുസ്തകം. ഈ പട്ടികയിൽ രണ്ടാം സ്ഥാനം ന്യൂട്ടൻ ആണ് ആദ്യത്തെ പ്രാക്ടിക്കൽ റിഫ്ലകടിംഗ് ടെലസ്കോപ്പ് നിർമ്മിച്ച പ്രഭു പദവി ലഭിച്ച രണ്ടാമത്തെ ശാസ്ത്രജ്ഞൻ കാൽക്കുലസ്ൻറെ പിതാവ് എന്നറിയപ്പെടുന്നു രാഷ്ട്രത്തിന് ആദരവോടെ ശവം അടക്കപ്പെട്ട ആദ്യത്തെ ഇംഗ്ലീഷ് ശാസ്ത്രജ്ഞൻ ബലത്തിൻറെ യൂണിറ്റ് ന്യൂട്ടൻറെ പേരിലറിയപ്പെടുന്നു ജനിക്കുന്നതിന് മൂന്നുമാസം മുമ്പ് അച്ഛൻ മരിച്ച അമ്മ പുനർവിവാഹം കഴിച്ച അമ്മമ്മയുടെ പന്ത്രണ്ടാം വയസ്സിൽ ആണ് സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചത് 1689 ബ്രിട്ടീഷ് പാർലമെൻറിൽ തെരഞ്ഞെടുക്കപ്പെട്ട പിന്നീട് തിരിച്ച വന്നതോടെ അദ്ദേഹം രോഗ ശയ്യയിൽ ആയി അവസാനകാലത്ത് ഇയ്യത്തിൽ നിന്നും രസത്തിൽ നിന്നും സ്വർണം ഉണ്ടാക്കാൻ സാധിക്കും എന്ന് വിശ്വസിക്കുകയും വർഷങ്ങളോളം അതിന് ചെലവഴിക്കുകയും ഉണ്ടായിരുന്നു 1725 മുതൽ തികച്ചും രോഗഗ്രസ്തനായ ന്യൂട്ടൻ തൻറെ 85 ആം വയസ്സിൽ മാർച്ച് 20 ന് ഇഹലോകവാസം വെടിഞ്ഞു

by
Ashifa 8b

# സ്റ്റീഫൻ ഹോക്കിങ്

ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ് നെ കുറിച്ച് കേട്ടിരിക്കുമല്ലോ പ്രപഞ്ചരഹസ്യങ്ങൾ കുറിച്ച് നൂതനമായ അന്വേഷണങ്ങൾ നടത്തിയ ഹോക്കിങ് മോട്ടോർ ന്യൂറോൺ എന്ന ഗുരുതര രോഗം ബാധിച്ച് ശരീരം തളർന്ന ജീവിതം പൂർണ്ണമായും വീൽചെയറിലേക്ക്  ഒതുക്കപ്പെട്ട പ്രതിഭയാണ്  സംസാരശേഷി നഷ്ടപ്പെട്ടു  അംഗിതയ്ക്ക് പോലും പറ്റാത്ത അവസ്ഥയിൽ ആണെങ്കിലും രോഗത്തിന് കീഴടങ്ങി ഒതുങ്ങിക്കൂടാൻ അദ്ദേഹം തയ്യാറായില്ല പ്രവർത്തനക്ഷമമായ  ഒരേയൊരു അവയവമായ വലതുകൈയിലെ ചൂണ്ടു വിരൽ ഉപയോഗിച്ച്  കമ്പ്യൂട്ടറിൽ തെളിയുന്ന അക്ഷരങ്ങൾ  പെറുക്കിയെടുത്തു ഹോക്കിങ് മഹത്തായ  ആശയങ്ങൾ ലോകത്തിന് സമ്മാനിച്ചു. പ്രപഞ്ച രഹസ്യങ്ങളെ കുറിച്ചും തമോഗർത്തങ്ങളെ  കുറിച്ചുമുള്ള  അദ്ദേഹത്തിൻറെ  സിദ്ധാന്തങ്ങൾ ഐൻസ്റ്റീന്  ശേഷമുണ്ടായ ഏറ്റവും മഹത്തായ കണ്ടെത്തലുകൾ ആയി കണക്കാക്കപ്പെടുന്നു  A Brief history of time  അടക്കമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിൻറെ രചനകളാണ്  ഈ നേട്ടങ്ങൾ അംഗീകാരമായി ഹോക്കിങ്ങിനെ അനേകം ബഹുമതികൾ ലഭിച്ചിട്ടുണ്ട് കാംബ്രിഡ്ജ് സർവകലാശാലയുടെ  lukesian  പ്രൊഫസർ  ഓഫ് മാത്തമാറ്റിക്സ് അമേരിക്കയിലെ ഏറ്റവും വലിയ ബഹുമതിയായ ആൽബർട്ട് ഐസ്റ്റീൻ അവാർഡ് , നൽകുന്ന മാസ്റ്റർ ഓഫ് യൂണിവേഴ്സ്  ആറോളം സർവകലാശാലയുടെ  ഹോണററി ഡോക്ടറേറ്റ് എന്നിവ  അവയിൽ ചിലതാണ് ശാരീരികമായ കൊടി അവശതകൾ ഏൽപ്പിച്ച വെല്ലുവിളികളെ ഇച്ഛാശക്തികൊണ്ട് മറികടക്കാൻ  എന്നതിന് ഉത്തമ ഉദാഹരണമാണ് സ്റ്റീഫൻ ഹോക്കിങ്  2018 മാർച്ച് 14 ന് 76 വയസ്സിൽ അദ്ദേഹം ഈ ലോകത്തോട്  വിടപറയുകയും ചെയ്തു

Vysakh C S

## <u>ഒടുവിലത്തെ താൾ</u>

***ഗവ. ഹയർസെക്കന്ററി സ്കൂൾ പെരിക്കല്ലൂർ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയാറാക്കിയ വർണങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി.***